പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.372 | 17 -10 -2011 - ൽ മറുപടിയ്ക്ക് |
|---|---|

## ആലംബഹീനരായ രോഗികൾക്കായി പ്രത്യേക ആശുപത്രികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.അൻവർ സാദത്ത് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആലംബഹീനരായ രോഗികളെ പരിചരിക്കുവാൻ പ്രത്യേക ആശുപത്രികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ആലംബഹീനരായ രോഗികളെ പരിചരിക്കുവാൻ പ്രത്യേക ആശുപത്രി ആരംഭിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പിൽ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആലംബഹീനരായ രോഗികൾക്കുള്ള പരിചരണം സാധാരണ രോഗികളെയുംപോലെ തന്നെ ഇപ്പോൾ നൽകുന്നുണ്ട്. തെരുവോരങ്ങളിൽ നിന്നും സാധാരണയായി പോലീസ്, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരാണ് നിരാലംബരായ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നത്. ഇത്തരം രോഗികളുടെ ചികിത്സ സൗജന്യമായി നൽകാറുണ്ട്. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പേരൂർക്കട മാനസികാരോഗ്യകേന്ദ്രത്തിലും ആലംബഹീനരായ രോഗികളെ ചികിത്സിക്കുന്നതിന് പ്രത്യേക വാർഡ് തന്നെ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരം രോഗികളുടെ മേൽവിലാസമോ, ഫോൺ നമ്പരോ ലഭിക്കുന്ന അവസരത്തിൽ ബന്ധുക്കളെ അറിയിക്കാറുമുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആലംബഹീനരായ രോഗികളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പുരുഷന്മാർക്ക് വെഞ്ഞാറമൂട് 'കെയർ ഹോമിലും' സ്ത്രീകൾക്ക് പേരൂർക്കട 'അഭയ' കേന്ദ്രത്തിലും തൊഴിൽ പരിശീലനം നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (സാധാ)നം.3286/11/ആ.കു.വ. തീയതി 15.09.2011 പ്രകാരം നിരാലംബരായ ആശുപത്രിയിൽ കഴിയുന്ന രോഗികൾക്ക് ആഹാരം, മരുന്ന്, ശുശ്രൂഷാ ചെലവ്, പരിചരണം ആവശ്യമുണ്ടെങ്കിൽ ആയതിനുമായി ഒരു നിശ്ചിത തുക ആശുപത്രി |

| | | | |
|---|---|---|---|
| | | | വികസന സമിതി ഫണ്ടിൽ നിന്നും മാറ്റിവയ്ക്കുവാനും കുടുംബശ്രീയിൽനിന്നും പരിചരണത്തിന് ആളുകളെ ഏർപ്പെടുത്തുവാനും ഉത്തരവായിട്ടുണ്ട്. കൂടാതെ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഒരു മൊബൈൽ ക്ളിനിക്, കിടപ്പിലായ രോഗികളെ വീട്ടിൽചെന്ന് പരിശോധിക്കുന്നതിനുള്ള പാലിയേറ്റീവ് ഹോംകെയർ യൂണിറ്റ് എന്നിവ 'വയോമിത്രം' പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. വയോജനങ്ങളെ വീട്ടിൽനിന്നും ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യവും ഈ പദ്ധതിയിൽ ലഭ്യമാണ്. |
| (ബി) | ആലംബഹീനരായ രോഗികളെ താമസിപ്പിച്ചിരിക്കുന്ന വാർഡുകളിലെ സൗകര്യം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിരാലംബരായ രോഗികളെ താമസിപ്പിച്ചിരിക്കുന്ന വാർഡുകളിൽ മറ്റ് രോഗികൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ജനറൽ ആശുപത്രിയിലും, പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലും ആലംബഹീനരായ രോഗികൾക്ക് പ്രത്യേക വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്.<br>സാമൂഹ്യക്ഷേമ വകുപ്പ് മുൻകൈയെടുത്ത് തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ആലംബഹീനരായ രോഗികളെ താമസിപ്പിച്ചിരിക്കുന്ന 9-ാം നമ്പർ വാർഡിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വാർഡിൽ 24 മണിക്കൂറും സ്റ്റാഫ് നഴ്സ്, നേഴ്സിംഗ് അസിസ്റ്റൻറ്, ഹോം നേഴ്സ്, ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് - ഒന്ന്, ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് - രണ്ട്, എന്നിവരുടെ സേവനവും ലഭ്യമാണ്. ഒപ്പം നേഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നേഴ്സ്,എന്നിവരുടെ സേവനവും ലഭ്യമാണ്. ആവശ്യം അനുസരിച്ച് ഈ ആശുപത്രിയിലുള്ള എല്ലാ സ്പെഷ്യാലിറ്റി ഡോക്ടർമാരും കൃത്യമായി രോഗികളെ പരിശോധിച്ച് മരുന്ന് നൽകുന്നുമുണ്ട്. ടി വാർഡിൽ പ്രവേശിപ്പിച്ചിരിക്കുന്ന രോഗികൾക്ക് കൃത്യമായി മരുന്ന്, ആഹാരം, വസ്ത്രം, പരിചരണം എന്നിവ ലഭ്യമാക്കുന്നതിന് സൂപ്രണ്ട്, ഡപ്യൂട്ടി സൂപ്രണ്ട്, ആർ.എം.ഒ. ഇവരുടെ റൗണ്ട്സ് എല്ലാ ദിവസവും നടത്തുന്നുണ്ട്.<br>ഇവ കൂടാതെ ടി വാർഡ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന കെട്ടിടം അടുത്തിടെ നവീകരണം നടത്തുകയും മെയിൽ വാർഡ്, ഫീമെയിൽ വാർഡ് എന്നിങ്ങനെ പ്രത്യേകമായി തിരിച്ച് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. കട്ടിൽ, ഷീറ്റ്, ആഹാരം, കുടിവെള്ളം, ചൂടുവെള്ളം, പത്രങ്ങൾ, ടി.വി., കേബിൾ കണക്ഷൻ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ